# മുഖവുര

ഭരണഘടനയുടെ 151 (2)-ാം അനുച്ഛേദപ്രകാരം കേരള നിയമസഭയിൽ വയ്ക്കുന്നതിനായി കേരള ഗവർണർക്ക് സമർപ്പിക്കാൻ വേണ്ടിയാണ് 2021 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

2015-20 കാലയളവിലെ '74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത' എന്ന വിഷയത്തിൽ നടത്തിയ പ്രവർത്തനക്ഷമത ഓഡിറ്റിന്റെ കണ്ടെത്തലുകൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഇറക്കിയിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് ഓഡിറ്റ് നടത്തിയിട്ടുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പ്, കേരള സർക്കാരും, നഗരകാര്യ ഡയറക്ടറേറ്റും, തെരഞ്ഞെടുക്കപ്പെട്ട എല്ലാ യുഎൽബികളും ഓഡിറ്റ് നടപടി ക്രമങ്ങളുടെ ഓരോ ഘട്ടത്തിലും നൽകിയ സഹകരണത്തിന് ഓഡിറ്റ് കൃതജ്ഞത രേഖപ്പെടുത്തുന്നു.

റിപ്പോർട്ടിന്റെ മലയാളം പരിഭാഷയിൽ ആശയ വൈരുദ്ധ്യം തോന്നുന്നപക്ഷം ഇംഗ്ലീഷിലുള്ള അസ്സൽ റിപ്പോർട്ടിനെ ആധികാരികമായി കരുതേണ്ടതാണ്.